## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 203** **23-01-2025 - ൽ മറുപടിയ്ക്ക്**

## സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ സ്റ്റോർ സൂപ്രണ്ട് തസ്തികയില്ലാത്ത ജില്ലാ ആശുപത്രികളുടെയും ഫാർമസി സ്റ്റോർ കീപ്പർ തസ്തികയില്ലാത്ത താലൂക്ക് ഹെഡ് ക്വോട്ടേഴ്സ് ആശുപത്രികളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ആരോഗ്യവകുപ്പിന് കീഴിലുള്ള എല്ലാ ജില്ലാ തല ആശുപത്രികളിലും സ്റ്റോർ സൂപ്രണ്ട് തസ്തിക നിലവിലുണ്ട്. ഫാർമസി സ്റ്റോർ കീപ്പർ തസ്തികയില്ലാത്ത താലൂക്ക് ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിലെ സർക്കാർ ഓർഡറുകൾക്ക് വിരുദ്ധമായി DHS ന്റെ 12160/2024 /MSA2 നമ്പർ സർക്കുലർ പ്രകാരം എ.ജി. ഓഡിറ്റുകൾക്ക് സമർപ്പിക്കേണ്ട സ്റ്റോർ രജിസ്റ്ററുകൾ ഉൾപ്പെടെ ഒഴിവാക്കിയത് മൂലം ആശുപത്രികളിലെ സ്റ്റോറും, ഓഫീസും ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ എ.ജിയുടെ ഓഡിറ്റും കൂടാതെ മറ്റ് ഓഡിറ്റുകളും കൃത്യമായി നടത്തുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ പറയുന്ന സർക്കുലറിന്റെ പകർപ്പ് എല്ലാ ഓഡിറ്റ് വകുപ്പുകൾക്കും നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലവിലെ സർക്കാർ ഉത്തരവിനനുസൃതമായാണ് ആരോഗ്യവകുപ്പ് ഡയറക്ടറുടെ 12160/2024/MSA2 നമ്പർ സർക്കുലർ ഇറക്കിയിട്ടുള്ളത്. 06/04/2017 തീയതിയിലെ സ.ഉ.(സാധാ) നം. 1018/2017/ ആ.കു.വ. സർക്കാർ ഉത്തരവ്, ആരോഗ്യവകുപ്പ് ഡയറക്ടറുടെ 01/12/2018 തീയതിയിലെ എം.എസ്.എ.3-79343/2018/ആ.വ.ഡ. നമ്പർ സർക്കുലർ എന്നിവ പ്രകാരം എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലേയും മെയിൻ സ്റ്റോറുകളിൽ നിർബന്ധമായും DDMS സ്റ്റോഴ്സ് പരിപാലനം നടത്തി രജിസ്റ്റേഴ്സ് ഒഴിവാക്കണമെന്ന് പ്രതിപാദിക്കുന്നു. എല്ലാ വിധ ഓഡിറ്റുകൾക്കും DDMS Data മതിയാകുന്നതാ ണെന്നും സർക്കാർ ഉത്തരവിൽ പറയുന്നുണ്ട്. DDMS ഔദ്യോഗികമാക്കിയതിനു ശേഷം 6മാസം തുടർച്ചയായിട്ട് കൃത്യമായി പരിപാലിക്കുകയും ആയതിൻ പ്രകാരം മെയിൻ സ്റ്റോറിലെ എല്ലാ സ്റ്റോക്ക് രജിസ്റ്ററുകളും ഒഴിവാക്കാവുന്നതാണെന്നും ഈ ഓർഡറിൽ പരാമർശമുണ്ട്. സബ് സ്റ്റോക്കുകളിൽ DDMS പരിപാലനം നിലവിൽ ലഭ്യമല്ലാത്തതിനാൽ ഇപ്പോഴും സബ് സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാം പരിപാലിച്ചുവരുന്നുണ്ട്. ആയതിനാൽ ചോദ്യത്തിൽ പ്രതിപാദിക്കപ്പെടുന്ന പ്രസ്തുത ഓർഡർ ഒരു ഓഡിറ്റുകൾക്കും യാതൊരുവിധ തടസ്സങ്ങളും ഉണ്ടാക്കിയിട്ടില്ലായെന്നറിയിക്കുന്നു. സർക്കുലർ |

| | | | |
|---|---|---|---|
| | | | നം.ഡിഎച്ച്എസ്/12160/2024/MSA2 Dated.22.06.2024 വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ വാഹനത്തിന്റെ അഭാവം മൂലം സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മരുന്നുകൾ യഥാസമയം അതത് ആശുപത്രികളിൽ വിതരണം ചെയ്യണമെന്ന ഉത്തരവാദിത്വം കെ. എം. എസ്. സി. എൽ. നിർവഹിക്കുന്നുണ്ടോ; | (സി) | ഓരോ വെയർഹൗസുകളിലും സ്വന്തമായി വാഹനം വാടകയ്ക്ക് എടുത്ത് മരുന്ന് വിതരണം കൃത്യമായി നടപ്പിലാക്കി വരുന്നു. |
| (ഡി) | കാലാവധി കഴിഞ്ഞതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ കെ. എം. എസ്. സി. എൽ. സമയബന്ധിതമായി നിർമ്മാർജനം ചെയ്യാത്തത് മൂലം ആശുപത്രികളിൽ ഉൾപ്പെടെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നവും അതിലുപരി സ്ഥലനഷ്ടവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർക്കാർ ഉത്തരവ് പ്രകാരം 2019 വരെയുള്ള കാലാവധി കഴിഞ്ഞതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ നിർമ്മാർജനം ചെയ്യുന്നതിനായി സ്ഥാപന/ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.NSQ/Blacklisted/Freezed-Expiredമരുന്നുകളും മറ്റ് ഉപഭോഗവസ്തുക്കളും കൃത്യമായും സംഭരണരീതികൾ അവലംബിച്ചുകൊണ്ട് സൂക്ഷിച്ചുവച്ചിട്ടുള്ളവയാണ്. ഇവ IMAGE, KEIL, Clean Keralaതുടങ്ങിയ പോലെയുള്ള അംഗീകൃത ഏജൻസികളിൽ നിന്ന് ഉദ്ധരണികൾ ക്ഷണിച്ചുകൊണ്ട് സമയബന്ധിതമായി നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ. സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | കൊല്ലം കെ. എം. എസ്. സി. എൽ. വെയർ ഹൗസിലെ അഗ്നിബാധ മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം വന്നിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കെ. എം. എസ്. സി. എൽ. വെയർ ഹൗസുകളിൽ എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഫയർ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ഇ) | കൊല്ലം കെ. എം. എസ്. സി. എൽ. വെയർ ഹൗസിലെ അഗ്നിബാധ മൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. വെയർ ഹൗസിലെ കത്തിനശിച്ച മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ സാധന സാമഗ്രികൾ ഇൻഷൂർ ചെയ്തിട്ടുള്ളതാണ്. അഗ്നിബാധ മൂലം കത്തി നശിച്ച സാധനങ്ങളുടെ സാമ്പത്തിക നഷ്ടം ഇൻഷ്വറൻസ് കമ്പനി കണക്കാക്കി വരുന്നു.കെ. എം. എസ്. സി. എൽ. വെയർ ഹൗസുകളിൽ അഗ്നി സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ. എം. എസ്. സി. എൽ.നു കീഴിലുള്ള എല്ലാ മരുന്ന് സംഭരണശാലകളിലും സുരക്ഷാ നടപടികളുടെ ഭാഗമായി ഫയർ ഇൻസ്പെക്ഷൻ നടത്തുകയും താഴെപറയുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട് .<br><br>• കെ. എം. എസ്. സി. എൽ. ൽ പുതുതായി ഒരു അസിസ്റ്റന്റ് മാനേജർ ഫയർ ആന്റ് സേഫ്റ്റി ആയി ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയും, അദ്ദേഹം അഗ്നി സുരക്ഷ ക്രമീകരണങ്ങളിൽ മേൽ നോട്ടം നടത്തി വരുകയും ചെയ്യുന്നു.<br>• അഗ്നി സുരക്ഷാ ഉപകരണങ്ങളായ ഫയർ അലാറം, ഫയർ ഡിറ്റക്ഷൻ സിസ്റ്റം, ഫയർ എക്സ്റ്റിംഗ്യൂഷർ, |

| | | | |
|---|---|---|---|
| | | | ഫയർ ഫൈറ്റിങ് സിസ്റ്റം എന്നിവ റുട്ടീൻ ഇൻസ്പെക്ഷൻ നടത്തി പരിപാലിച്ചു വരുന്നു.<br>• തീപിടുത്തത്തിന് കാരണം എന്ന് കണ്ടെത്തിയ ബ്ലീച്ചിഗ് പൗഡർ ഇപ്പോൾ ഒരുമിച്ച് വാങ്ങി സംഭരിക്കുന്ന രീതി നിലവിൽ തുടരുന്നില്ല.<br>• മരുന്ന് സംഭരണശാലയിൽ സംഭരിച്ചിരിക്കുന്ന മരുന്നുകൾ സുരക്ഷിതമായി ക്രമീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകി പാലിച്ചുവരുന്നു.<br>• താപനില ഉയരുന്നതും തീപിടിത്തം ഉണ്ടാകാനുള്ള സാധ്യതയും സംബന്ധിച്ച് വെയർഹൗസുകളിൽ നിർദേശം നൽകി നടപ്പിലാക്കിവരുന്നു.<br>• ഫയർ എക്സ്റ്റിഗ്വൂഷർ ഉപയോഗിക്കുന്നതിനായും, മറ്റ സുരക്ഷ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായും എല്ലാ വെയർഹൗസുകളിലെ ജീവനക്കാർക്കും ട്രെയിനിങ് നൽകി ഇവരെ അത്യാവശ്യ ഘട്ടങ്ങളിൽ പ്രയോജനപ്പെടുത്താൻ സജ്ജരാക്കിയിട്ടുണ്ട്.<br>• വെയർഹൗസുകളിൽ ഫയർ NOC ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കെ. എം. എസ്. സി. എൽ. വെയർഹൗസുകളിൽ സുരക്ഷാനടപടികളുടെ ഭാഗമായി ഫയർ ഓഡിറ്റിംഗ് നടത്തിയിട്ടുള്ളതാണ്. |
| (എഫ്) | ഡി.എച്ച്.എസ്സി.ന്റെ 14160/2014/എം. എസ്. എ. 3 ഉത്തരവ് പ്രകാരം നർക്കോട്ടിക് & സൈക്കോട്രോപിക് മരുന്നുകൾ ഉൾപ്പെടെയുള്ളതും എക്സൈസിന്റെ പരിധിയിൽ വരുന്നതുമായ മരുന്നുകളുടെ കണക്ക് സൂക്ഷിക്കുന്ന രീതിയിൽ മാറ്റം വരുത്തിയത് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടാണോ; ഇല്ലെങ്കിൽ ഈ ചട്ടലംഘനം നടത്തിയതിന് ബന്ധപ്പെട്ടവർക്കെതിരെ ആവശ്യമായ മേൽനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എഫ്) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ 14160/2014/എം. എസ്. എ. 3 തീയതി 01.7.2024 ഉത്തരവ് പ്രകാരം എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലെയും ഫാർമസികളിൽ എല്ലാ ഫാർമസിസ്റ്റുകൾക്കും വ്യക്തിഗത ഡിസ്പെൻസിംഗ് രജിസ്റ്റർ കൃത്യമായ ഫോർമാറ്റിൽ പരിപാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്പ്രകാരം രോഗികൾക്ക് നൽകുന്ന എല്ലാ മരുന്നുകളുടെയും എണ്ണം ഉൾപ്പടെയുള്ള വിശദ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സാധ്യമാകുന്നതാണ്. ഇതിൽ ഹാബിറ്റ് ഫോമിംഗ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ വരുന്ന മരുന്നുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക കോളം നൽകിയിട്ടുണ്ട്. ഈ ഉത്തരവിന് മുമ്പ് സ്ഥാപനങ്ങൾ എല്ലാം തന്നെ ഏകീകൃതമല്ലാത്ത ഫോർമാറ്റിലാണ് രേഖപ്പെടുത്തലുകൾ നടത്തികൊണ്ടിരുന്നത്. ഡിസപെൻസിംഗ് രജിസ്റ്ററിന്റെ ഔദ്യോഗിക ഫോർമാറ്റ് വന്നത് വഴി എല്ലാ സ്ഥാപനങ്ങളിലും ഏകീകൃത മരുന്ന് വിതരണ സംവിധാനം നടപ്പിൽ വരുത്തുന്നതിന് സഹായകരമായിട്ടുണ്ട്. ഈ ഓർഡർ കൃത്യമായും സർക്കാരിന്റെ ചട്ടങ്ങൾക്കനുസരിച്ച് ഇറക്കിയിട്ടുള്ളതാകുന്നു. ഈ ഉത്തരവിൽ യാതൊരുവിധ ചട്ടലംഘനങ്ങളും നടത്തിയതായി കാണുന്നില്ല. |
| (ജി) | ഫാർമസി ജീവനക്കാരുടെ കുറവ് മൂലം മിക്കവാറും സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണ സ്ഥലത്ത് ഗുരുതരമായ രോഗത്തിന് ചികിത്സ തേടിയെത്തുന്ന | (ജി) | 16/01/2025 ലെ സ.ഉ.(കൈ) നം.18/2025/H&FWD എന്ന ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആകെ 570 തസ്തിക സൃഷ്ടിച്ച് |

| | | | |
|---|---|---|---|
| | രോഗികൾ ഉൾപ്പെടെ മണിക്കൂറുകളോളം ക്യൂ നിന്ന് മരുന്ന് വാങ്ങിക്കേണ്ടി വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പൊതു ജനങ്ങൾക്ക് ഉണ്ടാകുന്ന ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കാനും നിയമനം നടത്താനും നടപടി സ്വീകരിക്കുമോ? | | ഉത്തരവായിട്ടുണ്ട് . ആയതിൽ 250 ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - US 203**

| ക്രമ നം | ജില്ല | സ്ഥാപനം |
|---|---|---|
| 1 | തിരുവനന്തപുരം | താലൂക്ക് ആശുപത്രി നേമം |
| 2 | | താലൂക്ക് ആശുപത്രി മലയിൻകീഴ് |
| 3 | കൊല്ലം | താലൂക്ക് ആസ്ഥാന ആശുപത്രി പത്തനാപുരം |
| 4 | | താലൂക്ക് ആശുപത്രി നെടുങ്ങോലം |
| 5 | | താലൂക്ക് ആശുപത്രി നീണ്ടകര |
| 6 | | താലൂക്ക് ആശുപത്രി കുണ്ടറ |
| 7 | | താലൂക്ക് ആശുപത്രി കടയ്ക്കൽ |
| 8 | പത്തനംതിട്ട | താലൂക്ക് ആസ്ഥാന ആശുപത്രി കോന്നി |
| 9 | | താലൂക്ക് ആസ്ഥാന ആശുപത്രി മലപ്പള്ളി |
| 10 | ആലപ്പുഴ | താലൂക്ക് ആശുപത്രി തുറവൂർ |
| 11 | | താലൂക്ക് ആശുപത്രി ചെട്ടികാട് |
| 12 | കോട്ടയം | താലൂക്ക് ആശുപത്രി കുറവിലങ്ങാട് |
| 13 | ഇടുക്കി | താലൂക്ക് ആസ്ഥാന ആശുപത്രി കട്ടപ്പന |
| 14 | എറണാകുളം | താലൂക്ക് ആശുപത്രി ഞാറയ്ക്കൽ |
| 15 | | താലൂക്ക് ആശുപത്രി അങ്കമാലി |
| 16 | | താലൂക്ക് ആശുപത്രി പുത്തൻവേലിക്കര |
| 17 | | താലൂക്ക് ആശുപത്രി പള്ളുരുത്തി |
| 18 | തൃശ്ശൂർ | താലൂക്ക് ആശുപത്രി ചേലക്കര |
| 19 | | താലൂക്ക് ആശുപത്രി പുതുക്കാട് |
| 20 | | താലൂക്ക് ആശുപത്രി കുന്നംകുളം |
| 21 | പാലക്കാട് | താലൂക്ക് ആസ്ഥാന ആശുപത്രി പട്ടാമ്പി |
| 22 | | താലൂക്ക് ആശുപത്രി എലപ്പുള്ളി |
| 23 | മലപ്പുറം | ജില്ലാ ആശുപത്രി നിലമ്പൂർ |
| 24 | | താലൂക്ക് ആശുപത്രി കൊണ്ടോട്ടി |
| 25 | | താലൂക്ക് ആശുപത്രി അരീക്കോട് |
| 26 | | താലൂക്ക് ആശുപത്രി കുറ്റിപ്പുറം |
| 27 | | താലൂക്ക് ആശുപത്രി വണ്ടൂർ |
| 28 | കോഴിക്കോട് | താലൂക്ക് ആശുപത്രി ഫറൂഖ് |
| 29 | | താലൂക്ക് ആശുപത്രി കുറ്റ്യാടി |
| 30 | | താലൂക്ക് ആശുപത്രി നാദാപുരം |

| | | |
|---|---|---|
| 31 | | താലൂക്ക് ആശുപത്രി പേരാമ്പ്ര |
| 32 | | താലൂക്ക് ആശുപത്രി ബാലുശ്ശേരി |
| 33 | കണ്ണൂർ | താലൂക്ക് ആശുപത്രി പഴയങ്ങാടി |
| 34 | | താലൂക്ക് ആശുപത്രി പെരിങ്ങോം |
| 35 | | താലൂക്ക് ആശുപത്രി ഇരിട്ടി |
| 36 | | താലൂക്ക് ആശുപത്രി ഇരിക്കൂർ |
| 37 | | താലൂക്ക് ആശുപത്രി പാനൂർ |
| 38 | | താലൂക്ക് ആശുപത്രി പേരാവൂർ |
| 39 | കാസർഗോഡ് | താലൂക്ക് ആശുപത്രി വെള്ളരിക്കുണ്ട് (പൂടംകല്ല) |
| 40 | | താലൂക്ക് ആശുപത്രി മംഗൽപാടി |
| 41 | | താലൂക്ക് ആശുപത്രി ബേഡഡുക്ക |
| 42 | | താലൂക്ക് ആശുപത്രി തൃക്കരിപ്പൂർ |